പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.3197

29/01/2014 - ൽ
മറുപടിയ്ക്ക്

മലയോര വികസന അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | മലയോര വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | മലയോര വികസന അതോറിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ 14/11/2011 ലെ ഉത്തരവു പ്രകാരം സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഈ ഏജൻസി 28/5/2012 -ാം തീയതിയിൽ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണു സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടു ളളതെന്ന് വിശദമാക്കുമോ;

(സി) മലയോര പ്രദേശങ്ങളിലെ റോഡുകൾ, കുടിവെള്ള പദ്ധതികൾ, ആശുപത്രി കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷി തുടങ്ങിയവയുടെ വികസന പദ്ധതികൾ നടപ്പിലാക്കൽ എന്നിവ യാണ് മലയോരവികസന ഏജൻസി യുടെ ലക്ഷ്യങ്ങൾ.

(ഡി) എന്തെല്ലാം പ്രവർത്തനങ്ങൾ മല യോര അതോറിറ്റി അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ?

(ഡി) പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരു വികളിൽ ചെക്കുഡാം നിർമ്മാണം, റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പഴം, പച്ചക്കറി, വികസന പദ്ധതി, സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി എന്നിവയാണ് മലയോര വികസന ഏജൻസി അനുവദിച്ചിട്ടുളളത്.

Bijumon

സെക്ഷൻ ഓഫീസർ